ICPS 5/31410/14

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 23.03.15

## സർക്കുലർ

വിഷയം : സാമൂഹ്യ നീതി വകുപ്പ് –ICPS - ചൈൽഡ് വെൽഫയർ കമ്മിറ്റി (cwc) / ജുവനൈൽ ജസ്റ്റിസ് ബോർഡ് (JJB) - അസ്സിസ്റ്റന്റ് കം ഡാറ്റ എൻട്രി ഓപ്പറേറ്റർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നത് സംബന്ധിച്ച്

സൂചന : 1 G.O(Ms) No.11/2013/SJD Dated: 02.02.13
2.25-08-14 തിയ്യതിയിലെ SCPS എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 5 ാം മത്തെ തീരുമാനം
3.18-02-15 തിയ്യതിയിലെ SCPS എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 9 ാം മത്തെ തീരുമാനം

- സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ പുതുക്കിയ മാർഗ്ഗ രേഖ പ്രകാരം CWC യ്ക്കും **JJB** യ്ക്കും ഓരോ അസ്സിസ്റ്റന്റ് കം ഡാറ്റ എൻട്രി ഓപ്പറേറ്റർമാരെ വീതം കരാർ അടിസ്ഥാനത്തിൽ പ്രതിമാസം 9000/- രൂപ നിരക്കിൽ നിയമിക്കുന്നതിന് പരാമർശം ഒന്നിൽ അനുവാദമുണ്ട്. SCPS ന്റെ 25.08.14 ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗത്തിൽ ഇതു സംബന്ധിച്ചു തീരുമാനമെടുത്ത് അനുമതി നൽകിയിട്ടുണ്ട് .

- ചൈൽഡ് വെൽഫയർ കമ്മിറ്റിയിലെ CWC ചെയർമാൻ,ജില്ലാ സാമൂഹ്യ നീതി ഓഫീസർ , ചിൽഡ്രൻസ് ഹോം സൂപ്രണ്ട്, എന്നിവരടങ്ങിയ കമ്മിറ്റിയും, ജുവനൈൽ ജസ്റ്റിസ് ബോർഡിലേക്ക് പ്രിൻസിപ്പൽ മജിസ്ട്രേറ്റ് നിശ്ചയിക്കുന്ന JJB യിലെ ഒരു അംഗവും, ജില്ലാ സാമൂഹ്യ നീതി ഓഫീസർ, ഒബ്സർവെഷൻ ഹോം സൂപ്രണ്ട് എന്നിവർ ഉൾപ്പെട്ട സമിതിയുമാണ് ഇന്റർവ്യൂ നടത്തി അസ്സിസ്റ്റന്റ് കം ഡാറ്റ എൻട്രി ഓപ്പറേറ്റർമാരെ തിരഞ്ഞെടുക്കേണ്ടത്.
- രണ്ടു കമ്മിറ്റികളിലും ജില്ലാ സാമൂഹ്യ നീതി ഓഫീസർ ചെയർമാനായിരിക്കും.
- പ്രസ്തുത കമ്മിറ്റികൾ അംഗീകരിച്ച റാങ്ക് ലിസ്റ്റ് പ്രകാരം നിയമനം നടത്താനുള്ള അധികാരം സാമൂഹ്യനീതി ഡയറക്ടർക്കായിരിക്കും.

- **30.04.15** ാം തിയ്യതിക്കു മുൻപ് കമ്മിറ്റി കൂടി ആവശ്യമായ തീരുമാനങ്ങളെടുക്കുകയും നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതുമാണ്.

- അതാതു ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കാണ് ഇന്റർവ്യൂ സംബന്ധിച്ച ചുമതല. ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ അപേക്ഷ ക്ഷണിക്കേണ്ടതാണ്. **30.05.15** ന് മുമ്പായി ഇന്റർവ്യൂ (ആവശ്യമെങ്കിൽ പ്രായോഗിക പരീക്ഷ നടത്തി) നിയമന നടപടികൾ പൂർത്തീകരിയ്ക്കണം. ഒരു വർഷമാണ് കരാർ നിയമനത്തിന്റെ കാലാവധി.

- 18.02.15 നു ചേർന്ന scps എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ച പ്രകാരം അസ്സിസ്റ്റന്റ് കം ഡാറ്റ എൻട്രി ഓപ്പറേറ്റർമാരെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തീരുമാനിക്കുകയുണ്ടായി. <u>അത് ചുവടെ ചേർക്കുന്നു.</u>

<u>മാനദണ്ഡങ്ങൾ</u>

വയസ്സ് : 01.04.2015 ന് 35 വയസ്സ് കഴിയാൻ പാടില്ല

യോഗ്യത : +2 (പ്ലസ്ടു)

: മലയാളത്തിലും, ഇംഗ്ലീഷിലും ഡാറ്റ എൻട്രി ജോലികൾ ചെയ്യാനുള്ള പ്രാവീണ്യം

- തുടർ നടപടികൾ സ്വീകരിച്ച വിവരം ഈ കാര്യാലയത്തിലേക്ക് അറിയിക്കേണ്ടതാണ് .

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും

<u>പകർപ്പ്:</u>

1. ജുവനൈൽ ജസ്റ്റിസ് ബോർഡുകളിലെ പ്രിൻസിപ്പൽ മജിസ്ട്രേറ്റ് മാർക്കും (ആമുഖ കത്ത് സഹിതം)
2. CWC ചെയർമാൻമാർക്കും (ആമുഖ കത്ത് സഹിതം)
3. എല്ലാ ജെ .ജെ സ്ഥാപന സൂപ്രണ്ടുമാർക്കും
4. ICPS-4
5. ICPS- 3
6. സ്റ്റോക്ക് ഫയൽ